(സി) 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ഡി) ലഭ്യമായിട്ടില്ല.

നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട ചാനലുകളുടെ അറ്റകുറ്റപ്പണി

23 (173) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട ചാനലുകൾ 1999-2000 വർഷം ഏതെല്ലാം ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട് ;

(ബി) ആയതിലേക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) കാലോചിതമായി അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം ഡാം തുറന്നാൽ ചാനലിലൂടെ എല്ലാഭാഗത്തും വെള്ളം എത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കനാലുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് കാടുകൾ വെട്ടിമാറ്റി സുഗമമായി വെള്ളം ഒഴുകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1999-2000 സാമ്പത്തികവർഷത്തിൽ അറ്റകുറ്റപ്പണികൾ നടത്തിയ നെയ്യാർ ഇറിഗേഷൻ ചാനലുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1.	ആർ.സി.ബി.	6 കി.മീ. മുതൽ 8 കി.മീ. വരെ
2.	ആർ.ബി.സി.	16 കി.മീ. മുതൽ 17 കി.മീ. വരെ
3.	ചൊവ്വര	9 കി.മീ. മുതൽ 9.75 കി.മീ. വരെ
4.	ചെങ്കൽ മൈനർ	0 മീ. മുതൽ 3000 മീ. വരെ
5.	കരിമാനൂർ ലെഫ്റ്റ്	0 കി.മീ. മുതൽ ടെയിലെൻഡ് വരെ
6.	കരിമാനൂർ റൈറ്റ്	5500 കി.മീ. മുതൽ ടെയിലെൻഡ് വരെ
7.	ആർ.ബി.സി.	2200 ചെയിനേജ് മുതൽ 2300 വരെ
8.	ആർ.ബി.സി.	27.5 കി.മീ. മുതൽ 29 കി.മീ. വരെ
9.	എൽ.ബി.സി.	0 മുതൽ 3000 നെയ്യാർ ഡാം
10.	എൽ.ബി.സി.	17500 മീ. മുതൽ 20,000 മീ. വരെ
11.	പൂവാർ ഈസ്റ്റ്	7500 " 8500 മീ. വരെ
12.	പൂവാർ ഈസ്റ്റ്	9600 " 13000 മീ. വരെ
13.	മറുകിൽ	6100 " ടെയിലെൻഡ് വരെ
14.	കൊല്ലംകോട്	3050 " 6000 മീ. വരെ

LIBRARY ARCHIVES Kerala Legislative Assembly

15.	കൊല്ലംകോട്	10000 "	14000 "
16.	ചൊവ്വര	700 "	2600 "
		5100 "	9000 "
		16000 "	19000 മീ.
		ആന്റ് ടെയിലെൻഡ് വരെ.	

(ബി) 1,83,52,655 രൂപ.

(സി) ഉണ്ട്.

(ഡി) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ചേർപ്പ് മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ പുരോഗതി

24 (174) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പു നിയോജകമണ്ഡലത്തിൽ പൂത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി എന്ന് പൂർത്തിയാകും;

(സി) ഈ പദ്ധതിക്കായി ചെലവഴിച്ച സംഖ്യ എത്രയാണ്; പണി പൂർത്തിയാകുമ്പോൾ എത്രയായിരിക്കും ചെലവ് എന്ന് വ്യക്തമാക്കാമോ;

(ഡി) വല്ലച്ചിറ, മൂക്കുസ് ലിഫ്റ്റ് ഇറിഗേഷനുകൾ ഈ വർഷം നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഈ രണ്ട് പദ്ധതികൾ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) നബാർഡിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ഈ വർഷം ആരംഭിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെ ആണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത സ്കീമിന്റെ പമ്പ് ഹൗസിന്റെ പണി, പമ്പ് സെറ്റ് സ്ഥാപിക്കൽ, വൈദ്യുതീകരണപണികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. സക്ഷൻ, ഡെലിവറി ലയിലനുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ ഏർപ്പാടാക്കിയിട്ടുണ്ട്. ഈ പണിയും ലീഡിംഗ് ചാനലിന്റെ പണിയും ചെയ്തു തീർക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുകയും ചെയ്താൽ ഈ സ്കീം പൂർത്തീകരിക്കാവുന്നതാണ്.

(ബി) 2000-ാം മാണ്ട് ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുവരെ 17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പണികൾ പൂർത്തിയാകുമ്പോൾ 35 ലക്ഷം രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly